പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2863 17.10.2016 - ൽ മറുപടിയ്ക്ക്

## കാലഹരണപ്പെട്ട മരുന്നുകൾ

| ചോദ്യം<br>ശ്രീ.പി.കെ. ശശി | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
|---|---|
| (എ) സംസ്ഥാന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുൻസർക്കാരിന്റെ കാലത്ത് ഓരോ വർഷവും എത്ര തുകയ്ക്ക് മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങിയെന്നും ഇവയിൽ എത്ര തുക ആർക്കെല്ലാം നല്കിയെന്നും എത്ര തുക നൽകാൻ ബാക്കിയുണ്ടെന്നുമുള്ള വിശദാംശം നൽകുമോ; | (എ) മുൻസർക്കാരിന്റെ കാലത്ത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി മരുന്നുകളും ഉപകരണങ്ങളും വാങ്ങിയതിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ താഴെ കൊടുക്കുന്നു.<br><br>വർഷം / മരുന്ന് (തുക കോടിയിൽ) / ഉപകരണം (തുക കോടിയിൽ) / ആകെ (തുക കോടിയിൽ)<br>2011 / 177.35 / 37.11 / 214.46<br>2012 / 308.41 / 34.33 / 342.74<br>2013 / 268.44 / 71.75 / 340.19<br>2014 / 246.95 / 27.32 / 274.27<br>2015 / 292.09 / 65.10 / 357.19<br><br>ഓരോ വർഷവും നൽകിയ തുകയും കമ്പനികളുടെ പേരും അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>31.03.2016 വരെ മരുന്നുകൾ വാങ്ങിയ ഇനത്തിൽ 97.48 കോടി രൂപയും ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ 19.10 കോടി രൂപയും വിവിധ കമ്പനികൾക്ക് കോർപ്പറേഷൻ നൽകാനുണ്ട് |
| (ബി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അധികാരികൾ ഉയർന്ന കമ്മീഷൻ വാങ്ങി ഗുണനിലവാരം കുറഞ്ഞതും ആവശ്യത്തിലധികവും മരുന്നുകൾ മുൻസർക്കാരിന്റെ കാലയളവിൽ വാങ്ങിയതു സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടോ എന്നറിയിക്കാമോ; എങ്കിൽ എന്തു നടപടി നാളിതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) ഇല്ല. സംസ്ഥാന ആരോഗ്യ വകുപ്പിന്റെയും ആരോഗ്യവിദ്യാഭ്യാസ വകുപ്പിന്റെയും കീഴിൽ വരുന്ന സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നുകളും അനുബന്ധ ഉൽപ്പന്നങ്ങളും പ്രസ്തുത വകുപ്പ് മേധാവികൾ അംഗീകരിച്ചു നൽകുന്ന വാർഷിക ഇന്റന്റ് പ്രകാരം ദേശീയ അടിസ്ഥാനത്തിൽ ക്ഷണിക്കുന്ന മത്സര ഇ-ടെണ്ടറുകളിലൂടെ സംഭരിച്ച് ആശുപത്രികൾക്ക് സൗജന്യമായി വിതരണം നടത്തുന്നത് കേരള മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷനാണ്. ഓരോ മരുന്നും വാങ്ങുന്നത് ഇന്റന്റ് അനുസരിച്ചായതിനാൽ ആവശ്യത്തിലധികം വാങ്ങാറില്ല. |

| | |
|---|---|
| | കോർപ്പറേഷൻ വഴി മരുന്നു വിതരണം ചെയ്യുന്ന കമ്പനികൾ ഓരോ ബാച്ചിന്റെയും ഗുണനിലവാരം ദേശീയ അംഗീകാരമുള്ള ലബോറട്ടറികളിൽ (National Accreditation Board for Testing and Calibration Laboratories) അല്ലെങ്കിൽ കേന്ദ്ര മരുന്നു പരിശോധനാ ലാബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയ പരിശോധന റിപ്പോർട്ട് നിർബന്ധമാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കോർപ്പറേഷൻ 10% ത്തിൽ കുറയാതെ സാമ്പിളുകൾ ക്രമരഹിതമായി (Random) പരിശോധന നടത്തുകയുമാണ് ചെയ്യുന്നത്. ഒരു ഉല്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും രണ്ട് ഇനം മരുന്നുകളുടെ ഒന്നിലധികം ബാച്ചുകൾ ഗുണനിലവാരമില്ലാത്തതായി പരിശോധനാകേന്ദ്രം അറിയിക്കുന്ന സാഹചര്യത്തിൽ ആ മരുന്നിനെ കരിമ്പട്ടികയിൽ ഉൾപെടുത്താനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നുണ്ട്. ഒരു ഉല്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും രണ്ട് ഇനം മരുന്നുകൾ ഇങ്ങനെ കരിമ്പട്ടികയിൽ പ്പെട്ടാൽ പ്രസ്തുത മരുന്ന് കമ്പനിയെ തന്നെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും മൂന്നുവർഷത്തേക്ക് കോർപ്പറേഷന്റെ തുടർന്നുള്ള ദർഘാസ് നടപടിയിൽ നിന്നും വിലക്കുകയും ചെയ്യുന്നു ണ്ട്. |
| (സി) ഇത്തരത്തിൽ വാങ്ങിക്കൂട്ടിയ മരുന്നുകൾ, ഉപകരണങ്ങൾ തുടങ്ങിയവയിൽ തിരുവനന്തപുരം വെയർഹൗസ്,കാരുണ്യ ഫാർമസി, മരുന്നു സംഭരണ കേന്ദ്രം തുടങ്ങി മറ്റ് സംഭരണ കേന്ദ്രങ്ങളിൽ എത്ര തുകയുടെ മരുന്നുകളും ഉപകരണങ്ങളും പാഴായതായും കഴിച്ചുമൂടപ്പെട്ടതായും കണ്ടെത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (സി) തിരുവനന്തപുരം മരുന്നുസംഭരണശാലയുൾപ്പെടെ കേരളത്തിലെ 14 വെയർഹൗസുകളിലുമായി 2008 മുതൽ 2011 വരെ കാലയളവിൽ വിതരണത്തിനായി സൂക്ഷിച്ചിരുന്ന 2.91 കോടി രൂപയുടെ മരുന്നുകൾ ഗുണനിലവാരമില്ലാതെ ബ്ലാക്ക് ലിസ്റ്റ് പ്രക്രിയ യിൽ ഉൾപ്പെട്ട് ആശുപത്രികൾക്ക് വിതരണം ചെയ്യാൻ സാധിക്കാതെ സൂക്ഷിച്ചിരുന്നു. ഈ മരുന്നുകൾ ഇൻഡ്യൻ മെഡിക്കൽ അസോസിയേഷന്റെ 'ഇമേജ്'-ന്റെ (ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ്) സഹായത്തോടെ നശിപ്പിച്ചിട്ടുണ്ട്. ഈ ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിതരണം ചെയ്ത കമ്പനികളിൽ നിന്നുമായി ദർഘാസ് ഉപഘടകങ്ങളുടെ വ്യവസ്ഥ പ്രകാരം 4.28 കോടി രൂപ പ്രസ്തുത കമ്പനികളിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ഇതിൽ കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചമൂലം 5.35 ലക്ഷം രൂപയുടെ മരുന്നാണ് പാഴായിപ്പോയിട്ടുള്ളത്. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി 2012 ജനുവരി മുതൽ 2016 സെപ്തംബർ വരെ 501.48 കോടി രൂപയുടെ മരുന്നുകളാണ് വാങ്ങിയിട്ടുള്ളത്. ഇതിൽ 13.59 കോടി രൂപയുടെ മരുന്നുകൾ കാലഹരണപ്പെടാൻ |

| | |
|---|---|
| | സാധ്യതയുള്ള മരുന്നുകൾ, വിൽപ്പന കുറവുള്ള മരുന്നുകൾ, കേടുപാടുകൾ സംഭവിച്ച മരുന്നുകൾ, വെയർഹൗസിൽ എലിയും മറ്റു പ്രാണികളും നശിപ്പിച്ച മരുന്നുകൾ എന്നിവ കമ്പനികളിലേക്ക് തിരികെ നൽകുകയുണ്ടായി. ഇതിൽ നിന്നും 11.39 കോടി രൂപയുടെ മരുന്നുകളുടെ വില വിതരണക്കാരിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ശേഷിക്കുന്ന തുക കമ്പനികളിൽ നിന്നും വസൂലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇപ്രകാരം മരുന്നുകൾ സംഭരിച്ചും മേൽപ്പറഞ്ഞ ഇനം മരുന്നുകൾ തിരികെ നൽകിയും ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുകയാണ്. പൊതുവിപണിയിലെ ക്രയവിക്രയങ്ങളിൽ കെ.എം.എസ്.സി.എൽ. ഉം കമ്പനികളുമായിട്ടുള്ള ഉടമ്പടിയുടെ അടിസ്ഥാനത്തിൽ കാലഹരണപ്പെട്ടതും വിൽപ്പനക്കുറവുള്ളതും, കേടുപാടുള്ളതുമായ മരുന്നുകൾ തിരികെ നൽകുമ്പോൾ തത്തുല്യമായ തുകയ്ക്കുള്ള മറ്റ് മരുന്നുകളോ ക്രെഡിറ്റ് നോട്ടുകളോ (കമ്പനികളിൽ നൽകാനിരിക്കുന്ന പണത്തിൽ നിന്ന് ടി മരുന്നുകളുടെ തുക കിഴിക്കുക) എന്ന രീതിയിൽ കോർപ്പറേഷൻ പണം ഈടാക്കിവരുന്നു. കോർപ്പറേഷന് സാമ്പത്തിക ബാധ്യത വരുത്തുന്ന രീതിയിൽ ഉപയോഗരഹിതമായ മരുന്നുകളുടെ മൊത്തം തുക 52,671/ രൂപ ആണ്.<br>കോർപ്പറേഷൻ വാങ്ങി നൽകിയ യാതൊരു ഉപകരണങ്ങളും ഒരിടത്തും നശിപ്പിക്കപ്പെട്ടിട്ടില്ല. |
| (ഡി) പ്രസ്തുത ഇനങ്ങളിൽ നഷ്ടമായ തുക കാരണക്കാരായ ഉദ്യോഗസ്ഥരിൽനിന്നും പിടിച്ചെടുക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) വീഴ്ച വരുത്തിയ ജീവനക്കാരിൽനിന്നും തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്